കേന്ദ്ര ഗവൺമെന്റ് ആ അപ്രൂവൽ നൽകാത്തതുകൊണ്ട് ഈ വർഷം നമ്മുടെ ഈ സ്കീം ഇവിടെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ യാതൊരു അനാസ്ഥയും വീഴ്ചയും വരുത്തിയിട്ടില്ല. അതുപോലെ തന്നെ പട്ടികജാതി വികസന വകുപ്പും ഈ കാര്യത്തിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല. ഈ സ്കീം സെൻട്രൽ ഗവൺമെന്റ് അംഗീകരിച്ചു തരാത്തതു കൊണ്ട് നടപ്പിലാക്കാൻ പ്രയാസമാണ്. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. ഇപ്പോഴും സമ്മർദ്ദം ചെലുത്തുന്നുണ്ട്. വകുപ്പുസെക്രട്ടറി കേന്ദ്ര ഗവൺമെന്റുമായി ചർച്ചയിൽ ഏർപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഈ സ്കീം നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റിന് താൽപ്പര്യമുണ്ടെങ്കിലും കേന്ദ്ര ഗവൺമെന്റ് ഈ സ്കീം അപ്രൂവ് ചെയ്തു തന്നിട്ടില്ല. അതുകൊണ്ടാണ് നടപ്പിലാക്കാൻ കഴിയാതെ വന്നത്.

(9) ചങ്ങനാശ്ശേരി മണ്ഡലത്തിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമവും വൈദ്യുതി തകരാറുകളും പരിഹരിക്കുന്നത് സംബന്ധിച്ച്.

ശ്രീ. സി.എഫ്. തോമസ് : ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ വൈദ്യുതി തകരാർ നിത്യസംഭവമായി മാറുകയാണ്. വോൾട്ടേജ് ആവശ്യത്തിന് ഇല്ലാത്തതു കാരണം നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ടൗണിലും പല കേന്ദ്രങ്ങളിലും ജനങ്ങൾ വളരെയേറെ വിഷമിക്കുന്നു. എപ്പോഴും ഇരുട്ടിലാണ്. അത് പരിഹരിക്കണമെങ്കിൽ ഒരു പോംവഴിയേയുള്ളൂ. ഒരു പുതിയ സബ്സ്റ്റേഷൻ ചങ്ങനാശ്ശേരിയിൽ സ്ഥാപിക്കണമെന്നുള്ളതാണ് വിദഗ്ദ്ധ ഉപദേശം കിട്ടിയിരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ കാര്യം സംബന്ധിച്ച് ഒരു നിവേദനവും നൽകിയിട്ടുണ്ട്. പക്ഷേ ആ സബ്സ്റ്റേഷൻ സ്ഥാപിച്ചു വരുന്നതു വരെ ഇതിന് പെട്ടെന്ന് പരിഹാരമെന്ന് പറയുന്നത് ചെത്തിപ്പുഴയിൽ ഉള്ള സബ്സ്റ്റേഷനിൽ ഒരു പുതിയ ട്രാൻസ്ഫോർമർ കൂടി സ്ഥാപിക്കുകയെന്നതാണ്. അതുപോലെ തന്നെ പള്ളത്തുനിന്നും ചെത്തിപ്പുഴയിലേക്ക് വരുന്ന കണ്ടക്ടർ കൂടുതൽ വലിപ്പമുള്ളതാക്കി മാറ്റണം. താൽക്കാലിക പരിഹാരമായി ഈ രണ്ടു കാര്യങ്ങളും ചെയ്യാമെങ്കിൽ ഈ പ്രശ്നം പരിഹരിക്കാമെന്ന് പറയുന്നു. അതുകൊണ്ട് ഈ രണ്ടു കാര്യങ്ങളും അടിയന്തിരമായി ചെയ്തു തരണം. മറ്റൊരു കാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളട്ടെ. ഇന്നലെയും മിനിഞ്ഞാന്നും കേരളത്തിന്റെ മറ്റു ഭാഗങ്ങളിൽ അരമണിക്കൂർ ലോഡ്ഷെഡ്ഡിംഗ് ആയിരുന്നുവെങ്കിൽ ചങ്ങനാശ്ശേരിയിൽ ഓരോ മണിക്കൂർ വീതം ഔദ്യോഗികമായിത്തന്നെ ലോഡ്ഷെഡ്ഡിംഗ് നടപ്പിലാക്കി. ആ പ്രശ്നം കൂടി ഇന്നു തന്നെ പരിഹരിക്കുവാൻ ആവശ്യമായ നിർദ്ദേശം കൊടുക്കണം.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ബഹുമാനപ്പെട്ട ശ്രീ. സി.എഫ്. തോമസ് ഇവിടെ വിശദീകരിച്ചതുപോലെ ചങ്ങനാശ്ശേരി വോൾട്ടേജ് ക്ഷാമം ഉള്ള പ്രദേശമായിട്ടു തന്നെയാണ് ബോർഡ് കണക്കാക്കിയിട്ടുള്ളത്. നിലവിലുള്ള 66 കെ.വി. സബ്സ്റ്റേഷനിൽ 10 എം.വി.എ. ട്രാൻസ്ഫോർമർ കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡിന്റെ പരിഗണനയിലാണ്. കാലതാമസം ഒഴിവാക്കി അടിയന്തിരമായി തീരുമാനം എടുക്കുന്നതിന് ബോർഡിന് നിർദ്ദേശം കൊടുക്കുന്നതാണ്. കൂടാതെ ഇപ്പോൾ നിലവിലുള്ള പള്ളം മാവേലിക്കര 66 കെ.വി. ലൈനിന്റെ കണ്ടക്ടർ മാറ്റി ശേഷികൂടിയ കണ്ടക്ടർ വയ്ക്കുന്നതിന് തീരുമാനിച്ചു. ഈ ജോലിക്കുള്ള ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞു. ടെണ്ടർ നടപടി പൂർത്തീകരിച്ചു കഴിഞ്ഞാൽ അതിന്റെ നിർമ്മാണം ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

സബ്സ്റ്റേഷനുള്ള നിർദ്ദേശം ബോർഡിന്റെ പരിഗണനയിലുണ്ട്. ആയത് തീരുമാനമെടുക്കാൻ ബോർഡിനോട് ഗവൺമെന്റ് നിർദ്ദേശിക്കുകയും ചെയ്യാം. കൂട്ടത്തിൽ ബഹുമാനപ്പെട്ട അങ്ങയോട് ഇപ്പോൾ പറഞ്ഞതും രാവിലെ തന്നെ ശ്രദ്ധയിൽപ്പെടുത്തിയതുമായ കഴിഞ്ഞ ദിവസങ്ങളിൽ ഒരു മണിക്കൂർ ലോഡ്ഷെഡ്ഡിംഗ് ഉണ്ടായത്, ആ പ്രദേശത്തെ പൂവൻതുരുത്തിൽ 220 കെ.വി.എ. സബ്സ്റ്റേഷനിലെ ബുഷ് പൊട്ടിത്തെറിച്ചതു മൂലമാണ് ഇത് സംഭവിച്ചിട്ടുള്ളത്. 200 കെ.വി.എ. യുടെ രണ്ട് ട്രാൻസ്ഫോർമറുകളാണ് അവിടെ സ്ഥാപിച്ചിട്ടുള്ളത്. മൂന്നു ബങ്കുകൾ ചേർത്താണ് 200 കെ.വി.എ. ട്രാൻസ്ഫോർമറിലെ ഓരോ ഫെയിസും തയ്യാറാക്കുന്നത്. അതിൽ ഒരു യൂണിറ്റിന്റെ ബുഷ് ആണ് പൊട്ടിത്തെറിച്ചിരിക്കുന്നത്. ഇത് റിപ്പയർ ചെയ്തെടുക്കുന്നതിന് സാധാരണ ഗതിയിൽ രണ്ടാഴ്ചയെങ്കിലും എടുക്കും എന്നാണ് അറിഞ്ഞിട്ടുള്ളത്. ഒരാഴ്ചയ്ക്കുള്ളിൽ തന്നെ റിപ്പയർ ചെയ്യാൻ കഴിയത്തക്ക വിധത്തിൽ ഒരു യുദ്ധകാലാടിസ്ഥാനത്തിലുള്ള ശ്രമം നടത്താമെന്നാണ് ബോർഡ് അധികൃതർ പറഞ്ഞിട്ടുള്ളത്. ഇതുമൂലം ചങ്ങനാശ്ശേരിയിൽ മാത്രമല്ല, പള്ളത്തുനിന്നുള്ള ഫീഡർ വരുന്ന വഴിയിലെ മറ്റു പ്രദേശങ്ങളിലും ബുദ്ധിമുട്ട് വരുന്നുണ്ട്. അതിന്റെ ക്രമീകരണങ്ങൾ ചില ദിവസങ്ങളിൽ വേണ്ടി വന്നേക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(10) റബ്ബർ കയറ്റുമതിയും സംഭരണവും കാര്യക്ഷമമായി നടപ്പാക്കേണ്ടത് സംബന്ധിച്ച്

ശ്രീ. മോൻസ് ജോസഫ് : സർ, റബ്ബർ കൃഷി സംരക്ഷിക്കപ്പെടുന്നതിനും റബ്ബർ വില ഉയർത്തുന്നതിനും സഹായകമാകുന്ന നിലയിൽ റബ്ബർ കയറ്റുമതിയും സംഭരണവും കാര്യക്ഷമമായി നടപ്പാക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്. റബ്ബർ വില ഉയർത്തുന്നതിന് ഇപ്പോൾ ചെയ്യാവുന്ന ഏറ്റവും ഫലപ്രദമായ നടപടി പരമാവധി റബ്ബർ കയറ്റുമതി ചെയ്യുക എന്നുള്ളതാണ്. ഇത് പ്രാവർത്തികമാക്കുന്നതിന് സർക്കാർ സന്നദ്ധത കാണിക്കണം. കയറ്റുമതിയുടെ കാര്യത്തിൽ സിംഗപ്പൂരിലേയ്ക്ക് 50,000 ടൺ റബ്ബർ കയറ്റുമതി ചെയ്യുന്നതിൽ സിംഗപ്പൂരിൽ നിന്ന് പ്രത്യേക അനുമതി ലഭിച്ചതായി അറിയുകയുണ്ടായി. ഇത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപടി സ്വീകരിക്കുകയും 50,000 ടൺ റബ്ബർ സിംഗപ്പൂരിലേയ്ക്ക് കയറ്റി അയയ്ക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തുകയും ചെയ്യണം എന്ന് ആവശ്യപ്പെടുന്നു. ഈ കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള കാര്യങ്ങൾ വ്യക്തമാക്കുന്നതോടൊപ്പം കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ റബ്ബർ കയറ്റുമതി ചെയ്യുന്നതിനും ലാറ്റക്സ് കയറ്റുമതി ചെയ്യുന്നതിനും സർക്കാർ നടപടി എടുക്കും എന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി വ്യക്തമാക്കിയിരുന്നു. ഇപ്രകാരം റബ്ബർ കയറ്റുമതിയും ലാറ്റക്സ് കയറ്റുമതിയും നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ, അക്കാര്യത്തിൽ നടപടി എടുക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നത് വ്യക്തമാക്കണമെന്ന് ആവശ്യപ്പെടുകയാണ്. റബ്ബർ സംഭരണം ഇനിയും കാര്യക്ഷമമാക്കേണ്ടതാണ്. റബ്ബർ സംഭരിക്കാൻ സർക്കാർ ചുമതലപ്പെടുത്തിയ വിവിധ ഏജൻസികളായ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും റബ്കോയും ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ-റബ്ബർ സംഭരണം കാര്യക്ഷമമായി നടത്തിയിട്ടുണ്ടോ എന്ന് അങ്ങ് വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. റബ്ബർ സംഭരണ കാര്യത്തിൽ എസ്.ടി.സി. കൃഷിക്കാരെ വഞ്ചിക്കുന്നതായിട്ടാണ് കൃഷിക്കാർക്ക് അനുഭവപ്പെട്ടിട്ടുള്ളത്. കാര്യക്ഷമമായി റബ്ബർ സംഭരണം നടത്താൻ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും റബ്കോയും എസ്.ടി.സി. യും എന്തുമാത്രം റബ്ബർ

LIBRARY ARCHIVES Kerala Legislative Assembly